ഫോർ ട്രേഡ് ആന്റ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ ഒരു ഇൻഡോ ഇറ്റാലിയൻ ടവർ നിർമ്മിക്കാനുള്ള പ്രാഥമിക ചർച്ചകൾ നടന്നുകഴിഞ്ഞു. വിദേശ വ്യവസായികളായ ശ്രീ. ആർ.സി. സുരേഷ്, ശ്രീ. യൂസുഫ് അലി, ശ്രീ. വിവേക് ജേക്കബ്, കരേര, ഇറ്റലി ശ്രീ. ടെക് മെഡിക്കൽ ആന്റ് ലബോറട്ടറി സപ്ലൈസ്, യു.എസ്.എ., ബി.സി.സി., ഫുഡ്സ് ആന്റ് ഓയിൽസ് കാനഡ തുടങ്ങിയവർ മുതൽമുടക്കാൻ സന്നദ്ധത പ്രടിപ്പിച്ചിട്ടുണ്ട്. ചർച്ചകൾ നടന്നുവരുന്നു. വ്യവസായ മന്ത്രി 1999 ഡിസംബറിൽ നടത്തിയ ഗൾഫ് പര്യടനത്തിന്റെ ഫലമായി വിദേശ കമ്പനികളുടെ പ്രതിനിധികൾ കൊച്ചിയും കാസർഗോഡും സന്ദർശിക്കുകയും ഏകദേശം 97 കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്ന "സിറാമിക് സാനിറ്ററി വെയർ" യൂണിറ്റ് കാസർഗോഡ് കിൻഫ്ര പാർക്കിൽ ആരംഭിക്കുവാനും തീരുമാനിച്ചു.

(617) കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് എവിടെയെല്ലാം എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷമായി പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്ന സംഘങ്ങൾ ഏതെല്ലാമാണ്; അവയിൽ ലിക്വിഡേഷൻ നടപടിയായിട്ടുള്ള സംഘങ്ങൾ ഉണ്ടെങ്കിൽ അവയുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തറികളുടെ എണ്ണം ജില്ലതിരിച്ച് വെളിപ്പെടുത്തുമോ; ഹാന്റെക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ എണ്ണം ജില്ലതിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി, നെയ്ത്ത് മേഖലയ്ക്ക് നൽകിയ റിബേറ്റ്, എം.ഡി.എ., മറ്റ് സഹായങ്ങൾ എന്നിവ ജില്ലതിരിച്ച് തുക വെളിപ്പെടുത്തുമോ;

(ഇ) കഴിഞ്ഞ 10 വർഷത്തെ റിബേറ്റ് ക്ലെയിം ജില്ലതിരിച്ച് വെളിപ്പെടുത്തുമോ; ഈ തുകയിൽ ജില്ലകൾക്കു നൽകിയ തുകയുടെയും ഇനി നൽകാനുള്ള തുകയുടെയും കണക്ക് വെളിപ്പെടുത്തുമോ;

(എഫ്) റിബേറ്റിനത്തിൽ സംസ്ഥാനത്ത് എത്ര രൂപയാണ് 2000 ജനുവരി വരെ നൽകാനുള്ളത്;

(ജി) റിബേറ്റ് തുകയിൽ തടഞ്ഞുവച്ചിട്ടുള്ള തുക സംഘം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിൽ മൊത്തം 757 പ്രാഥമിക കൈത്തറി സംഘങ്ങളും തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു കേന്ദ്ര (അപ്പക്സ്) സംഘവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രാഥമിക കൈത്തറി സംഘങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	360
കൊല്ലം	-	79

LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട	-	9
ആലപ്പുഴ	-	26
കോട്ടയം	-	16
ഇടുക്കി	-	12
എറണാകുളം	-	32
തൃശ്ശൂർ	-	32
പാലക്കാട്	-	46
മലപ്പുറം	-	13
കോഴിക്കോട്	-	43
വയനാട്	-	4
കണ്ണൂർ	-	74
കാസർഗോഡ്	-	11

(ബി) കഴിഞ്ഞ 5 വർമായി പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്ന 160 പ്രാഥമിക കൈത്തറി സംഘങ്ങൾ സംസ്ഥാനത്തുണ്ട്. ഇതിൽ 83 എണ്ണം ലിക്വിഡേഷനിലാണ്. ലിക്വിഡേഷനിലുള്ള സംഘങ്ങളുടെ പേരുവിവരം ഉടൻ ലഭ്യമല്ല.

(സി) ലഭ്യമായിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള തറികളുടെയും തൊഴിലാളികളുടെയും കണക്ക് ചുവടെ ചേർക്കുന്നു. സ്വതന്ത്രമായി ഉൽപ്പാദനവും വിപണനവും നടത്തുന്ന കൈത്തറി നെയ്ത്തുകാരുടെ വിവരം ലഭ്യമല്ല.

	ജില്ലയുടെ പേര്	തറികളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം
1	തിരുവനന്തപുരം	19,703	48,424
2	കൊല്ലം	5,021	12,375
3	പത്തനംതിട്ട	137	339
4	ആലപ്പുഴ	1,112	3,782
5	കോട്ടയം	894	2,232
6	ഇടുക്കി	175	438
7	എറണാകുളം	4,409	5,636
8	തൃശ്ശൂർ	2,949	7,292
9	പാലക്കാട്	5,448	13,477
10	മലപ്പുറം	1,345	3,342
11	കോഴിക്കോട്	5,558	13,737
12	കണ്ണൂർ	12,635	16,428
13	വയനാട്	25	70
14	കാസർഗോഡ്	1,632	4,098
	ഹാന്റെക്സ്		
	തിരുവനന്തപുരം യൂണിറ്റ്	45	61
	കണ്ണൂർ യൂണിറ്റ്	24	37
		69	98

LIBRARY ARCHIVES Kerala Legislative Assembly

ഹാൻവീവ് - 4,142

(ഡി) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3600.69 ലക്ഷം രൂപ എം.ഡി.എ. ആയും 2405.63 ലക്ഷം രൂപ റിബേറ്റ് ആയും നൽകി. ഇതുകൂടാതെ 8941.03 ലക്ഷം രൂപ കൈത്തറി മേഖലയിലെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു. ജില്ലതിരിച്ചുള്ള വിവരം ലഭ്യമല്ല.

(ഇ) കഴിഞ്ഞ 10 വർഷങ്ങളിൽ നൽകിയ റിബേറ്റ് ക്ലെയിമിന്റെ ജില്ല തിരിച്ചുള്ള കണക്ക് ഉടനെ ലഭ്യമല്ല. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ (1998-99), (1999-2000) വിതരണം ചെയ്ത റിബേറ്റിന്റെ ജില്ല തിരിച്ചുള്ള വിവരവും ലഭ്യമായ റിബേറ്റു ക്ലെയിമും മുകളിൽ ഇനി കൊടുത്തു തീർക്കുവാനുള്ള തുകയുടെ വിവരവും ചുവടെ ചേർക്കുന്നു.

ജില്ലകൾ	നൽകിയ റിബേറ്റ് തുക		കൊടുത്തുതീർക്കുവാനുള്ള റിബേറ്റ്
	1998-99	1999-2000	
തിരുവനന്തപുരം	2,47,76,061	2,37,54,664	2,86,72,994
കൊല്ലം	29,71,025	-	15,75,848
ആലപ്പുഴ	3,21,149	-	13,165
പത്തനംതിട്ട	17,805	17,809	
ഇടുക്കി	30,827	-	-
കോട്ടയം	6,57,445	-	1,11,134
എറണാകുളം	18,97,780	31,29,158	1,00,50,491
തൃശ്ശൂർ	20,81,992	6,79,367	53,42,522
പാലക്കാട്	1,04,76,982	49,30,640	82,32,018
മലപ്പുറം	17,51,981	-	29,269
കോഴിക്കോട്	42,08,056	69,77,433	37,73,177
കണ്ണൂർ	34,09,479	32,22,316	7,69,144
കാസർഗോഡ്	29,55,616	-	15,90,446

(എഫ്) എല്ലാ സംഘങ്ങളിൽ നിന്നുമുള്ള 2000 ജനുവരി വരെയുള്ള ക്ലെയിമുകൾ എത്തിച്ചേർന്നിട്ടില്ല. ലഭ്യമായ ക്ലെയിമുകൾ പ്രകാരം 12,81,26,507 രൂപ റിബേറ്റായി നൽകുവാനുണ്ട്.

(ജി) നിയമവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സമർപ്പിക്കുന്ന ക്ലെയിമുകളിൽനിന്നും തുക നിരസിക്കാറുള്ളതല്ലാതെ ഒരു സംഘത്തിനും അനുവദിച്ച തുക തടഞ്ഞുവച്ചിട്ടില്ല.

(651) മലയോര കർഷകർക്ക് പട്ടയവിതരണം

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് :

LIBRARY ARCHIVES Kerala Legislative Assembly